നീണ്ടകര, പുറക്കാട്, മാരാരിക്കുളം, മുനമ്പം, ചാവക്കാട്, പൊന്നാനി, കൊയിലാണ്ടി, മാപ്പിളബേ, കസബ എന്നിവിടങ്ങളിൽ ആരംഭിക്കാനും നടപടിയെടുത്തുകഴിഞ്ഞു.

(ഡി&ഇ) തിരുവനന്തപുരം ജില്ല

കുളത്തൂർ, കരുംകുളം, വിഴിഞ്ഞം, കഠിനംകുളം, ചിറയിൻകീഴ്, അഞ്ചുതെങ്ങ്.

കൊല്ലം ജില്ല

ചവറ, നീണ്ടകര, തൃക്കടവൂർ, പെരിനാട്, കിഴക്കെകല്ലട, ആലപ്പാട്.

ആലപ്പുഴ ജില്ല

ആറാട്ടുപ്പുഴ, തൃക്കുന്നുപ്പുഴ, പുറക്കാട്, അമ്പലപ്പുഴ, പുന്നപ്ര, ആര്യനാട്, മാരാരിക്കുളം തെക്ക്, ചേർത്തല തെക്ക്, കടക്കരപ്പള്ളി, ആലപ്പുഴ മുനിസിപ്പാലിറ്റി പട്ടണക്കാട്, തുറയൂർ, അരൂക്കുറ്റി.

തൃശ്ശൂർ ജില്ല

പെരിഞ്ഞനം, മതിലകം, നാട്ടിക, എസ്.എൽ. പുരം.

കോട്ടയം

ചെമ്പ്, റ്റി.വി. പുരം

കോഴിക്കോട്

ഇലത്തൂർ, ഓഞ്ചിയം

മലപ്പുറം

പെരുംപടപ്പ്, വെളിയംകോട്, പുറത്തൂർ, വള്ളിക്കുന്ന്, താനാളൂർ, താനൂർ, പരപ്പനങ്ങാടി.

കണ്ണൂർ

ന്യൂമാഹി, മുഴുപ്പിലങ്ങാട്, അഴിക്കോട്, ചിറയ്ക്കൽ, മാടായി

കാസർഗോഡ്

വലിയപറമ്പ്, പടന്ന, വള്ളിക്കര, ഉദുമ, ചെമ്മനാട്

മത്സ്യബൂത്ത് നടത്താൻ അനുവദിച്ച തുക ക്രമക്കേട് നടത്തി അപഹരിച്ചതായ പരാതി

75 (2100) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല, വെട്ടൂർ, ഇടവ പ്രദേശങ്ങളിൽ മത്സ്യബൂത്ത് നടത്തുന്നതിന് അനുവദിച്ച അൻപതിനായിരം രൂപ ആൾമാറാട്ടം നടത്തി അപഹരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഫിഷറീസ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

76 (2101) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി ഏതൊക്കെ വിദ്യാലയങ്ങളാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ ;

(ഡി) അത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. 8, 9, 10 എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, കണക്ക്, ഫിഷറീസ്, സയൻസ് എന്നീ വിഷയങ്ങൾക്ക് സ്പെഷ്യൽ ട്യൂഷൻ 2000-2001 അദ്ധ്യായന വർഷം മുതൽ നല്കിവരുന്നു.

2. വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി അർത്തുങ്കൽ, തേവര, അഴീക്കൽ, ബേപ്പൂർ, കൊയിലാണ്ടി, ചാവക്കാട്, താനൂർ എന്നീ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ ലാബ്, ലൈബ്രറി, മ്യൂസിയം എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

3. പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കരുനാഗപ്പള്ളി, അർത്തുങ്കൽ, തേവര, ചാവക്കാട്, താനൂർ, ബേപ്പൂർ, കൊയിലാണ്ടി, അഴീക്കൽ എന്നീ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ റ്റി.വി.വി.സി., പി.ഒ.എച്ച്.പി. എന്നിവ നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly